# <u>അറിയിപ്പ്</u>

## <u>Degree Level Date Change</u>

22.10.2022, 19.11.2022 എന്നീ തീയതികളിലെ Degree Level പ്രാഥമിക പരീക്ഷ ചുവടെ പറയുന്ന കാരണങ്ങളാൽ എഴുതാൻ കഴിയാത്ത ഉദ്യോഗാർത്ഥികളിൽ **മതിയായ രേഖകൾ സഹിതം അവരവരുടെ പരീക്ഷാ കേന്ദ്രം ഉൾപ്പെടുന്ന ജില്ലാ PSC ഓഫീസിൽ (തിരുവനന്തപുരം ജില്ല ഒഴികെ) നേരിട്ടോ, ചുമതലപ്പെടുത്തുന്ന വ്യക്തി മുഖേനയോ നേരിട്ട്** അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികൾക്ക് 10.12.2022-ൽ നടക്കുന്ന മൂന്നാം ഘട്ട പരീക്ഷ എഴുതുവാൻ അവസരം നൽകുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ അപേക്ഷകൾ ആസ്ഥാന ഓഫീസിലെ EF Section-ൽ നൽകേണ്ടതാണ്. Tappal/Email വഴി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. 14.11.2022 മുതൽ 30.11.2022 വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. 30.11.2022 ശേഷം അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

14.11.2022-ന് മുൻപോ ശേഷമോ e-mail/Tappal വഴി അയച്ചിട്ടുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

<u>സ്വീകാര്യമായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. PSC പരീക്ഷാദിവസം അംഗീകൃത സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷയുള്ള ഉദ്യോഗാർത്ഥികൾ രണ്ട് പരീക്ഷകളുടേയും അഡ്മിഷൻ ടിക്കറ്റ് (പരീക്ഷാതീയതി തെളിയിക്കുന്നത്) ഹാജരാക്കിയാൽ സ്വീകരിക്കുന്നതാണ്.
2. ആക്സിഡന്റ് പറ്റി ചികിൽസയിൽ ഉള്ളവർ, അസുഖബാധിതർ എന്നിവർ ഹോസ്പിറ്റലിൽ ചികിൽസ നടത്തിയതിന്റെ ചികിൽസാ സർട്ടിഫിക്കറ്റും മെഡിക്കൽ സർട്ടിഫിക്കറ്റും (നിശ്ചിത മാതൃകയിൽ ഉള്ളത്) ഹാജരാക്കിയാൽ സ്വീകരിക്കുന്നതാണ്.
3. പ്രസവസംബന്ധമായ അസുഖങ്ങൾ ഉള്ളവർ ചികിൽസാ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് (നിശ്ചിത മാതൃകയിൽ ഉള്ളത്) എന്നിവ രണ്ടും ചേർത്ത് അപേക്ഷിച്ചാൽ സ്വീകരിക്കുന്നതാണ്.
4. ഗർഭിണികളായ ഉദ്യോഗാർത്ഥികളിൽ, യാത്രാബുദ്ധിമുട്ടുള്ളവർ ഡോക്ടർമാർ വിശ്രമം നിർദ്ദേശിച്ചിട്ടുള്ളവർ എന്നിവർ ആയതു തെളിയിക്കുന്നതിനുള്ള നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിൽസാ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ മാത്രമേ തീയതിമാറ്റം അനുവദിക്കുകയുള്ളൂ.
5. പരീക്ഷാ ദിവസം സ്വന്തം വിവാഹം നടക്കുന്ന ഉദ്യോഗാർത്ഥികൾ തെളിവുസഹിതം അപേക്ഷിച്ചാൽ സ്വീകരിക്കുന്നതാണ്.
6. ഏറ്റവും അടുത്ത ബന്ധുക്കളുടെ മരണം കാരണം പരീക്ഷ എഴുതാൻ കഴിയാത്തവർ രേഖകൾ സഹിതം അപേക്ഷിച്ചാൽ സ്വീകരിക്കുന്നതാണ്.

Medical Certificate മാതൃക, ഉദ്യോഗാർത്ഥികൾക്കുള്ള അറിയിപ്പ് എന്നിവ PSC Website-ൽ Home Page-ൽ Must Know എന്ന Link-ൽ PSC Exam Updates എന്ന പേജിൽ ലഭ്യമാണ്. November 15-ലെ PSC Bulletin-ലും ലഭ്യമാണ്.

Ph:- 0471-2546260, 246

ഡെപ്യൂട്ടി സെക്രട്ടറി
EF വിഭാഗം
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ